Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

2nd June 2017

## മട്ടന്നൂർ നഗരസഭ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക പുതുക്കുന്നു

പൊതുതെരഞ്ഞെടുപ്പിന്റെ ഭാഗമായി മട്ടന്നൂർ നഗരസഭയിലെ 35 വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർക്ക് നിർദ്ദേശം നൽകി.

അപേക്ഷകളും ആക്ഷേപങ്ങളും ജൂൺ 17 വരെ ഓൺ ലൈനായി സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ 30ന് തീർപ്പ് കൽപ്പിക്കുകയും ജൂലൈ 3ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം.

മട്ടന്നൂർ നഗരസഭയിലെ 34 വാർഡുകളിൽ ക്രമീകരിച്ചിരുന്ന അസംബ്ലി വോട്ടർപട്ടിക 2017 -ലെ വാർഡു വിഭജനത്തിന്റെ അടിസ്ഥാനത്തിൽ 35 ആയി പുനക്രമീകരിച്ചാണ് ഇപ്പോൾ കരട് പട്ടികയായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. മട്ടന്നൂർ നഗരസഭ, താലുക്ക്, വില്ലേജ്, ഓഫീസുകൾ വായനശാല എന്നിവിടങ്ങളിൽ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺ ലൈൻ അപേക്ഷയും കരട് പട്ടികയും www.lsgelection.kerala.gov.in ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന 35 നഗരസഭ വാർഡുകൾ- മണ്ണൂർ, പൊറോറ, ഏളന്നൂർ, കീച്ചേരി, ആണിക്കരി, കല്ലൂർ, കളറോഡ്, മുണ്ടയോട്, പെരുവയൽക്കരി, ബേരം, കായലൂർ, കോളാരി, പരിയാരം, അയ്യല്ലൂർ, ഇടവേലിക്കൽ, പഴശ്ശി, ഇരുവച്ചാൽ, കരേറ്റ, കുഴിക്കൽ, കയനി, പെരിഞ്ചേരി, ദേവർകാട്, കാര, നെല്ലൂന്നി, ഇല്ലംഭാഗം, മലക്കുതാഴെ, എയർ പോർട്ട്, മട്ടന്നൂർ, ടൗൺ, പാലോട്ടുപള്ളി, മിനിനഗർ, ഉത്തിയൂർ, മരുതായി, മേറ്റടി, നാലാങ്കേരി എന്നിവയാണ്.

*(എസ്.ഇ.സി. 29/2017)*